കേരള നിയമസഭാ നടപടികൾ

ഒൻപതാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1996 മാർച്ച് 15, വെള്ളി

വാല്യം XCVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 1996 മാർച്ച് 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 8·30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ..... ചോദ്യോത്തരങ്ങൾ.

അഖിലേന്ത്യാ മത്സര പരീക്ഷകളിൽ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്താൻ നടപടി

*1 [88] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ മൽസര പരീക്ഷകളിൽ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത്തരം മത്സര പരീക്ഷകളിൽ സംസ്ഥാനത്തുനിന്നും തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ എണ്ണം കുറഞ്ഞു വരികയാണോ;

(സി) എങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ്, പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ):

(എ) സർ, സിവിൽ സർവ്വീസസ് പരീക്ഷകളിൽ സംസ്ഥാനത്തെ പട്ടികജാതി–പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി എന്ന പേരിൽ ഒരു സ്വയംഭരണ സ്ഥാപനം പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ മെഡിക്കൽ, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം ലഭിക്കുന്നതിനും ആവശ്യമായ മൽസര പരീക്ഷകൾക്ക് വകുപ്പിന്റെ കീഴിലുള്ള പ്രീ–എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ മുഖാന്തിരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പരിശീലനം നൽകിവരുന്നുണ്ട്.

(ബി, സി) ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിന് നിർദ്ദേശം നൽകാം.

ശ്രീ. തമ്പാനൂർ രവി: ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് ട്രെയിനിംഗ് സൊസൈറ്റി എന്ന പേരിൽ ഒരു ആട്ടോണമസ് സ്ഥാപനം പ്രവർത്തിക്കുന്നുവെന്ന് പറഞ്ഞു. ഇത് എന്നാണ് സ്ഥാപിച്ചത്; ഇവിടെ കുട്ടികളെ ചേർക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇതിന് എന്തെങ്കിലും വാർഷിക വരുമാനം വച്ചിട്ടുണ്ടോ?

ശ്രീ. പന്തളം സുധാകരൻ: 1984-ലാണ് ആദ്യമായിട്ട് സിവിൽ പരീക്ഷകളിൽ പങ്കെടുക്കാൻ വേണ്ടിയുള്ള പരിശീലനം നൽകുന്നതിന് ഒരു ഐ. എ. എസ്. കോച്ചിംഗ് സെന്റർ തിരുവനന്തപുരത്ത് ആരംഭിച്ചത്. എന്നാൽ ഒരുപാട് പരിമിതികൾ ഉണ്ടായതിനെത്തുടർന്ന് ചില അടിസ്ഥാനപരമായിട്ടുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 1993-ൽ അത് ഒരു രജിസ്ട്രേഡ് സൊസൈറ്റി ആയിട്ട് മാറ്റാനായി ആലോചിച്ചു. അങ്ങനെയാണ് 1993-ൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി എന്ന പേരിൽ രൂപീകരിച്ചതും ആട്ടോണമസ് ബോഡിയാക്കിയതും. ഇതുവരെയായി 6 ബാച്ചുകളാണ് അവിടെ പരിശീലനം പൂർത്തിയാക്കി പോയിട്ടുള്ളത്. അവിടെ അഡ്മിഷനുവേണ്ടിയുള്ള വാർഷിക വരുമാനം 24,000 രൂപയും യോഗ്യത ഫസ്റ്റ് ക്ലാസ് ബിരുദവുമാണ്.

ശ്രീ. തമ്പാനൂർ രവി: ഓരോ വർഷം കഴിയുന്തോറും സിവിൽ സർവീസുകളിൽ നമ്മുടെ കുട്ടികൾക്കു കിട്ടുന്ന സ്ഥാനം വളരെ കുറവാണ്. അതുകൊണ്ട് പട്ടികജാതിക്കാർക്ക് ഇതിന് പ്രത്യേക മുൻഗണന കൊടുക്കണം. 24,000 രൂപ വാർഷികവരുമാന പരിധി അഡ്മിഷന് നിശ്ചയിച്ചിരിക്കുന്നത് എടുത്തു കളയണം. ട്രെയിനിംഗ് സെന്ററുകൾ മൂന്നു സ്ഥലത്തേയുള്ളുവെന്നു പറഞ്ഞു. അതിന്റെ എണ്ണം കൂട്ടാൻ കഴിയുമോയെന്ന് പരിശോധിക്കണം. ബിരുദാനന്തര ബിരുദം നേടിയശേഷം ഐ.എ.എസ്. പരീക്ഷകളിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കായി കൂടുതൽ ട്രെയിനിംഗ് സെന്ററുകൾ തുടങ്ങാൻ ഗവൺമെന്റ് ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പന്തളം സുധാകരൻ: പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെൻറുകൾ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ അഖിലേന്ത്യാ മൽസര പരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രം തിരുവനന്തപുരത്തു മാത്രമേയുള്ളു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കുന്നതാണ്. 24,000 രൂപ വാർഷിക വരുമാനം വച്ചിരിക്കുന്നത് ഒരു പോരായ്മയായിട്ടാണ് കാണുന്നത്. വാർഷിക വരുമാനം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: 'ബി' ചോദ്യത്തിന് ഉത്തരമായി പട്ടികജാതിക്കാരുടെ എണ്ണം കുറഞ്ഞുവരുന്നുവെന്ന് പറഞ്ഞു. ഇത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അത് എന്തുകൊണ്ട് കുറയുന്നുവെന്ന് മനസ്സിലാക്കാൻ വേണ്ടി പഠനം നടത്തുന്നുവെന്നും പറഞ്ഞു. ആ പഠനം നടത്താൻ തുടങ്ങിയതെന്നാണ്; ഏത് ഏജൻസിയെയാണ് ആ പഠനം നടത്തുന്നതിനുവേണ്ടി ഏൽപ്പെടുത്തിയിട്ടുള്ളത്; ഇടക്കാല റിപ്പോർട്ട് എന്തെങ്കിലും കിട്ടിയിട്ടുണ്ടോ; അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ശ്രീ. പന്തളം സുധാകരൻ: ഞാൻ ഉണ്ടെന്നല്ല മറുപടി പറഞ്ഞത്. ഇതുസംബന്ധിച്ച് പഠനം നടത്താൻ നിർദ്ദേശം നൽകാമെന്നാണ് പറഞ്ഞത്. ഈ അടുത്ത കാലത്ത് പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠന നിലവാരത്തെക്കുറിച്ച് ഒരു സർവേ നടത്തുകയുണ്ടായി. വളരെ മോശമായ ഒരു റിപ്പോർട്ടാണ് ആദ്യം കിട്ടിയത്. എന്തായാലും ഇതിനെക്കുറിച്ച് സജീവമായി പഠനം നടത്താൻ പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷണർ ആൻറ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. ടി. ശിവദാസമേനോൻ: പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള കോളേജുകളിൽ പിന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്ക് അഡ്മിഷനു വരുമാന പരിധിയുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ട കുട്ടികൾക്ക് അഡ്മിഷനു വരുമാന പരിധി വച്ചിട്ടുള്ളതായിട്ട് ഞാൻ കേട്ടിട്ടില്ല. 24,000 രൂപ വാർഷിക വരുമാനം വച്ചിട്ടുള്ളത് പട്ടികജാതിക്കാരെ വേർതിരിക്കുന്ന ഒന്നാണ്. അതുകൊണ്ട് അത് പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. പന്തളം സുധാകരൻ: ഇപ്പോഴാണ് ഇത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടത്. 1984-ൽ ഇത് രൂപീകരിച്ചപ്പോൾ നിശ്ചയിച്ച വരുമാന പരിധിയാണിത്. എനിക്ക് തോന്നുന്നത് ഈ വരുമാന പരിധി എടുത്തു കളയാവുന്നതാണെന്നാണ്.

ശ്രീ. ടി. ശിവദാസമേനോൻ: വരുമാന പരിധി എടുത്തു കളയുന്നതാണ് നല്ലതെന്ന് ഗവൺമെൻറിനു തോന്നിയത് വളരെ സ്വാഗതാർഹമാണ്. കാരണം എസ്.സി./എസ്.ടി.-യ്ക്കുള്ളത് കോൺസ്റ്റിറ്റ്യൂഷണൽ പ്രൊട്ടക്ഷനാണ്. ഇത് നോക്കാൻ വേണ്ടി ഉത്തരവാദിത്വമുള്ള ഗവർണ്ണർ പദവിയിലുള്ള ഒരു കമ്മീഷണറെയാണ് വച്ചിട്ടുള്ളത്. ഈ വരുമാന പരിധി എടുത്തു കളയണം. അല്ലെങ്കിൽ ഇതൊരു കീഴ്വഴക്കമാണ് ഉണ്ടാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പന്തളം സുധാകരൻ: ബഹുമാനപ്പെട്ട ശിവദാസമേനോൻ പറഞ്ഞത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. ഏത് നിലയിലാണ് 24,000 രൂപ വരുമാന പരിധി നിശ്ചയിച്ചതെന്ന് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. ഇത് പാടില്ല എന്നുള്ള അഭിപ്രായമാണ് ഗവൺമെൻറിനുള്ളത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഐ.എ.എസ്. പരീക്ഷ ആദ്യ കാലങ്ങളിൽ ഇംഗ്ലീഷിലാണ് നടത്തിയിരുന്നത്. പിന്നീടത് ഹിന്ദിയിലും 8-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള മറ്റ് ഭാഷകളിലും എഴുതാമെന്നായി. ഇംഗ്ലീഷിൽ എഴുതിയിരുന്നപ്പോൾ കേരളത്തിലെ കുട്ടികളെല്ലാം നല്ല നിലയിലായിരുന്നു. നോർത്ത് ഇൻഡ്യൻ കുട്ടികളൊക്കെ വളരെ മോശമായിരുന്നു. ഹിന്ദിയിലും എഴുതാമെന്നു വന്നപ്പോൾ നോർത്ത് ഇൻഡ്യൻ കുട്ടികളൊക്കെ വളരെ നന്നായിട്ടു വന്നു. നമ്മുടെ കുട്ടികൾക്ക് ആ നിലവാരത്തിലെത്താൻ സാധിച്ചില്ല. അതുകൊണ്ട് പട്ടികജാതിക്കാരെ മലയാളം നന്നായി പഠിപ്പിച്ച് മലയാളത്തിൽ ഐ.എ.എസ്. പരീക്ഷ എഴുതാനായി ഏർപ്പാട് ചെയ്യണം. ഇന്ന് ഐ.എ.എസ്. കോച്ചിംഗ് ക്ലാസുകളെല്ലാം ഇംഗ്ലീഷിലാണ്. നമ്മുടെ സംസ്ഥാനം ഇംഗ്ലീഷ് പ്രിയമുള്ളതാണ്. അതുകൊണ്ട് കേരളത്തിലെ സ്റ്റാൻഡേർഡ് കുറഞ്ഞു വരുന്നു. കേരളത്തിലെ ഈ വിദ്യാർത്ഥികളെ നന്നായിട്ട് പഠിപ്പിച്ച് വിടുകയായിരിക്കും ഉത്തമം. അതുകൊണ്ട് ഇക്കാര്യം ഗവൺമെൻറ് പരിഗണിക്കണം.

ശ്രീ. പന്തളം സുധാകരൻ: ഐ.എ.എസ്. പരീക്ഷ മലയാളത്തിൽ എഴുതാമോയെന്ന് എനിക്കറിയില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഐ.എ.എസ്. പരീക്ഷ മലയാളത്തിൽ എഴുതാം. പക്ഷേ കേരളത്തിലെ കുട്ടികൾ മലയാളത്തിൽ എഴുതുന്നില്ല. തമിഴ്നാട്ടിൽ തമിഴിലും ആന്ധ്രയിലെ കുട്ടികൾ തെലുങ്കിലും എഴുതുന്നുണ്ട്. നമ്മുടെ കുട്ടികൾക്ക് ഇംഗ്ലീഷ് മാത്രമേ വേണ്ടൂ. എന്തു ചെയ്യാനാണ്? ഐ.എ.എസ്. കോച്ചിംഗ് ക്ലാസ് മലയാളത്തിലില്ല.

ശ്രീ. പന്തളം സുധാകരൻ: അങ്ങനെയാണെങ്കിൽ അത് സ്വാഗതാർഹമായ നല്ല കാര്യമാണ്. പക്ഷേ ഒരു പ്രശ്നമുള്ളത് കേരളത്തിൽ നിന്ന് സിവിൽ സർവ്വീസസ് പരീക്ഷകളിൽ പങ്കെടുക്കാൻ പോകുന്ന മറ്റു കുട്ടികൾ ഇംഗ്ലീഷിൽ പഠിക്കുകയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മലയാളത്തിൽ ട്രെയിനിംഗ് നൽകുകയും ചെയ്യുമ്പോൾ ഒരു കോൺഫ്ളിക്ട് ഉണ്ടാകും. ഞങ്ങളെ മലയാളത്തിൽ പഠിപ്പിച്ചിട്ട് എങ്ങും എത്തിയില്ലേ എന്നുള്ള ഒരു തോന്നലുള്ളതുകൊണ്ട് എല്ലാവരും കൂടി കോമണായിട്ട് ആലോചിക്കേണ്ട ഒരു കാര്യമാണ്. എന്നാലും ഇതിനെക്കുറിച്ച് ചിന്തിക്കുന്നതാണ്.

മി. സ്പീക്കർ: തമിഴ്നാട്ടുകാർക്ക് തമിഴിൽ എഴുതാനുള്ള താൽപ്പര്യംപോലെ നമുക്ക് മലയാളത്തിൽ എഴുതാം. അതിന് പ്രൊവിഷൻ ഉണ്ട്. പക്ഷേ കുട്ടികൾക്ക് താൽപ്പര്യമില്ല.

ശ്രീ. ടി. ശിവദാസമേനോൻ: അതിന്റെ കാരണം മലയാളത്തിൽ എഴുതിയാൽ മലയാളിയാണെന്ന് അറിയും എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു: ഐ.എ.എസ്, ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിൽ നമ്മുടെ സംസ്ഥാനത്തുനിന്നുള്ള പ്രാതിനിധ്യം ഇപ്പോൾ വളരെ കുറവാണ്. നമ്മുടെ തലപ്പത്തുള്ള ഉദ്യോഗസ്ഥൻമാർ കൂടുതലും കേരളത്തിനു വെളിയിൽ നിന്നു വരുന്ന ആളുകളാണ്. നിശ്ചയമായും അവർ നമ്മുടെ സംസ്ഥാന ഗവൺമെൻറിന്റെ താൽപ്പര്യം സംരക്ഷിക്കുന്നുണ്ട് എന്നുള്ളതിൽ തർക്കമില്ല. അംഗസംഖ്യ കുറയുന്നതുകൊണ്ട് പ്രൈമറിതലം മുതൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക ട്രെയിനിംഗ് കൊടുത്ത് ഒരു കോംപിറ്റിറ്റീവ് ടെസ്റ്റിൽ വിജയിക്കത്തക്കവണ്ണമുള്ള പരിശീലനം ലഭിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും നടപടി ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. പന്തളം സുധാകരൻ: കഴിഞ്ഞ അക്കാഡമിക് വർഷാവസാനം മുതൽ കേരളത്തിൽ പ്രൈമറി മാത്രമല്ല, പ്രീ-പ്രൈമറിതലം മുതൽ മികച്ച എൽ.കെ.ജി. സ്കൂളുകളിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികളെ ചേർത്ത് പഠിപ്പിക്കുന്നതിനും അവർക്കാവശ്യമുള്ള യൂണിഫോമും മറ്റെല്ലാ സൗകര്യങ്ങളും നൽകുന്നതിനുമുള്ള ഒരു സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ ഓരോ വിഷയത്തിനും ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, സയൻസ് എന്നീ വിഷയങ്ങളിൽ—അവർക്കിഷ്ടമുള്ള സ്ഥാപനങ്ങളിൽ പോയി ട്യൂഷൻ ലഭ്യമാക്കുന്നതിന് പ്രത്യേകമായി തുക വകയിരുത്തുന്ന ഒരു സ്കീം ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഐ.എ.എസ്., ഐ.പി.എസ്. എന്നിവയെക്കുറിച്ചാണല്ലോ പറഞ്ഞത്. കേരളത്തിലെ കുട്ടികൾക്ക് ഇപ്പോൾ ഒന്നാം പരിഗണന എം. ബി. ബി. എസ്.-നാണ്. രണ്ടാം പരിഗണന എൻജിനീയറിംഗിനാണ്. ഈ അടുത്തകാലത്ത് ഐ.എ.എസ്. പാസ്സായ മലയാളികൾ എം.ബി.ബി.എസ്. കഴിഞ്ഞിട്ട് ഐ.എ.എസ്.-ന് പോയവരാണ്, ഐ.എ.എസ്., ഐ.പി.എസ്. എന്നു പറയുന്നത് ഭരണത്തിലുള്ള പങ്കാളിത്തമാണ്. ആ ഭരണ പങ്കാളിത്തമാണ് സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാനുള്ള ഏകവഴി. അതുകൊണ്ട് ഐ.എ.എസ്., ഐ.പി.എസ്. പരീക്ഷകളിൽ ഈ കുട്ടികൾ പാസ്സായി ഭരണത്തിൽ പങ്കാളികളാകുന്നതിനുവേണ്ടി എം.ബി.ബി.എസ്./എൻജിനീയറിംഗ് ഭീമമുണ്ടല്ലോ, ഗവൺമെൻറുണ്ടാക്കിയ ഭീമവും, നാട്ടിൽ നിലനിൽക്കുന്ന ഭീമവും. അത് ഒഴിവാക്കി ഐ.എ.എസ്., ഐ.പി.എസ്.-ൽ കുട്ടികളെ കൊണ്ടുവരാൻ ഈ കോച്ചിംഗിൽ പ്രത്യേക പരിഗണന കൊടുക്കുമോ?

ശ്രീ. പന്തളം സുധാകരൻ: എം.ബി.ബി.എസ്., എൻജിനീയറിംഗ് കോഴ്സുകൾക്കുള്ള ഭീമം സർക്കാരുണ്ടാക്കിയതാണെന്ന് എനിക്ക് അഭിപ്രായമില്ല. ഇതൊരു ജനറൽ ട്രെൻഡ് ആണ്. രക്ഷിതാക്കളാണ് ആ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. പലപ്പോഴും മാതാപിതാക്കൾ അവരുടെ ആഗ്രഹം കുട്ടികളിൽ അടിച്ചേൽപ്പിക്കുകയാണ്. ബഹുമാനപ്പെട്ട എ. സി. ഷൺമുഖദാസ് പറഞ്ഞ കാര്യം 100 ശതമാനവും കണക്കിലെടുത്തുതന്നെയാണ് ഈ സ്ഥാപനം ഒരു ഓട്ടോണമസ് ബോഡിയാക്കിയിരിക്കുന്നത്. കൂടുതൽ അഖിലേന്ത്യാ പ്രശസ്തരായ, വിദഗ്ദ്ധരായ പ്രൊഫസർമാർ ഉൾപ്പെടെയുള്ളവർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന ഒരു മികച്ച ട്രെയിനിംഗ് സ്ഥാപനമായി ഈ ഇൻസ്റ്റിറ്റ്യൂട്ടിനെ മാറ്റുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: അഖിലേന്ത്യാ മൽസര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് സജ്ജമാക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിലുള്ളവർക്ക് ഇതിനാവശ്യമായ കോച്ചിംഗ് നൽകുന്നതിനുപുറമേ അവർക്കാവശ്യമായ ഭക്ഷണം, സൗകര്യപ്രദമായ താമസസൗകര്യങ്ങൾ തുടങ്ങിയ അവരുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ എന്തെങ്കിലും സാമ്പത്തികസഹായം നൽകിവരുന്നുണ്ടോ? ഇല്ലെങ്കിൽ ഇതിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് സമ്പന്ന വിഭാഗത്തോടൊപ്പം ഇരിക്കേണ്ട ഇവർക്ക് അത് സജ്ജമാക്കുന്നതിനാവശ്യമായ രീതിയിൽ സാമ്പത്തിക സഹായവും മറ്റും നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പന്തളം സുധാകരൻ: ഇവർക്ക് ഇപ്പോൾ പ്രീ-മെട്രിക് ഹോസ്റ്റലുകളിലാണ് താമസസൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. അത് പോരായെന്നുള്ള അഭിപ്രായം ഗവൺമെന്റിനുള്ളതുകൊണ്ട് അടുത്ത വർഷം മുതൽ തിരുവനന്തപുരത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ സിവിൽ സർവ്വീസസ് പരീക്ഷ ഉൾപ്പെടെയുള്ള കേന്ദ്ര സർവീസ് പരീക്ഷകൾക്ക് തയ്യാറെടുക്കാനുള്ള കുട്ടികൾക്കുവേണ്ടി ഒരു പ്രത്യേക ട്രെയിനിംഗ് കോംപ്ലക്സ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ നടപടി പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: 'ബി'-യുടെ ചോദ്യത്തിനുത്തരമായി പഠനം നടത്താൻ പോകുന്നു എന്നു പറഞ്ഞു. പഠനം നടത്തേണ്ട ആവശ്യം ഒന്നുമില്ല എന്നു നമുക്കറിയാവുന്നതാണ്. അട്ടപ്പാടിയിൽ വികസനം നടത്തിയ ആ പൈസ ഉണ്ടെങ്കിൽ ഓരോ വീട്ടുകാരേയും കോടീശ്വരൻമാരാക്കാം. അതിനുപകരം ഇന്നത്തെ റെസിഡൻഷ്യൽ സ്കൂളിൽ 10 ശതമാനം നിർബന്ധമായും ആ കുട്ടികളെ ചേർക്കണമെന്നും അവരുടെ ചെലവു മുഴുവൻ സർക്കാർ വഹിച്ച് അവരെ ഡിഗ്രിവരെ എത്തിക്കുകയും ഈ കോഴ്സുകൾ സ്പെഷ്യൽ കോച്ചിംഗായി നടത്തുകയും ആ ചെലവ് ഗവൺമെന്റ് വഹിക്കുകയുമാണെങ്കിൽ ഈ കുട്ടികളെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും. അതോടൊപ്പം ആ സമുദായവും രക്ഷപ്പെട്ടുവരും. ആ തരത്തിലുള്ള ഒരു തീരുമാനമെടുക്കാൻ ഗവൺമെന്റ് മുന്നോട്ടു വരുമോ?

ശ്രീ. പന്തളം സുധാകരൻ: അട്ടപ്പാടിയിൽ വികസന പ്രവർത്തനത്തിന്റെ പേരിൽ കോടീശ്വരൻമാരായത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരല്ല. കേരളത്തിലെ എല്ലാ പബ്ലിക് സ്കൂളുകളിലും, റെസിഡൻഷ്യൽ സ്കൂൾ ഉൾപ്പെടെ, ഒരു നിശ്ചിത ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാരായ കുട്ടികളെ ചേർത്ത് പഠിപ്പിക്കണമെന്നുള്ള നിർദ്ദേശം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുമുതലേ ഉള്ളതാണ്. പക്ഷേ പല സ്കൂളുകളും, നമ്മുടെ സംസ്ഥാനം പുരോഗമനാത്മകമാണെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പലപ്പോഴും റെസിഡൻഷ്യൽ സ്കൂളുകളിൽ ചേർക്കുന്ന കാര്യത്തിൽ ഇടുങ്ങിയ മനസ്ഥിതിയാണ് കാണിക്കുന്നത് എന്നുള്ള കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ പറയുന്നതിൽ വളരെ ഖേദമുണ്ട്. ഈ സ്കൂളുകളിൽ ഈ കുട്ടികളെ നിർബന്ധമായും ഇത്ര ശതമാനം ചേർക്കണമെന്നുള്ള ഒരു നിയമ നടപടി വരാത്തിടത്തോളംകാലം പല മാനേജുമെന്റുകളും വിമുഖത കാണിക്കുമെന്നുള്ളതാണ് ഒരു യാഥാർത്ഥ്യമാണ്. ഞാൻ നേരത്തെ പറഞ്ഞു, എൽ.കെ.ജി. മുതൽ ഏതു ക്ലാസ്സുകളിൽ പഠിക്കുന്നതിനും കേരളത്തിനു പുറത്തുള്ള തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly

പഠിക്കുന്നതിനുമുള്ള സാമ്പത്തികസഹായം ഗവൺമെന്റ് നൽകുന്നുണ്ട്. സാമ്പത്തിക സഹായത്തിന്റെ പോരായ്മ അല്ല. സ്കൂളുകളിൽ അഡ്മിഷൻ നൽകാൻ പല മാനേജ്മെന്റുകളും വിമുഖത കാണിക്കുന്നു എന്നുള്ളതുകൊണ്ടാണ്. അക്കാര്യത്തിൽ ഈ സഭ താൽപര്യമെടുത്തതിൽ സന്തോഷമുണ്ടെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): അഖിലേന്ത്യാ മൽസര പരീക്ഷകളിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നു. അവരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഫ്രീ കോച്ചിംഗ് ക്ലാസ്സിൽ എന്തൊക്കെ സൗകര്യങ്ങളാണ് ലഭിക്കുന്നത്; അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം ഇന്നുള്ള അപര്യാപ്തത പരിഹരിച്ചുകൊണ്ട് മെച്ചമായ നിലവാരത്തിൽ സജ്ജമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പന്തളം സുധാകരൻ: പഠിക്കാൻ മെച്ചമായ സൗകര്യങ്ങളുള്ള സ്ഥാപനമാണ് ഇപ്പോഴുള്ള ഐ.എ.എസ്. കോച്ചിംഗ് ട്രെയിനിംഗ് സെന്റർ. അവിടെ വിപുലമായ ലൈബ്രറിയുണ്ട്. താമസ സൗകര്യമെല്ലാം കൂടി കണക്കിലെടുത്തുകൊണ്ടാണ് പുതിയ കോംപ്ലക്സ് അടുത്ത വർഷം തന്നെ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ. ശങ്കരൻ: പട്ടികജാതിയിൽപ്പെട്ട പല ആളുകളും ഉന്നതമായ പരീക്ഷയ്ക്കിരുന്ന് പ്രശസ്തമായ വിജയം കൈവരിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സർവ്വീസുകളിൽ അവർക്ക് അർഹതപ്പെട്ട നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. അഥവാ നിയമനം ലഭിച്ചിട്ടുണ്ടെങ്കിൽതന്നെ അർഹമായ പ്രൊമോഷൻ തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേകിച്ചും കേരള സർവകലാശാല, പോലീസ് വകുപ്പ് തുടങ്ങിയ ഗവൺമെന്റ് സർവീസുകളിൽ ഇവർ തഴയപ്പെടുന്നു എന്ന് വ്യാപകമായ ആക്ഷേപങ്ങളുണ്ട്. അതിനെക്കുറിച്ച് നല്ല നിലയിൽ അന്വേഷണം നടത്തി അവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനും അർഹതപ്പെട്ട ചോസ്റ്റ് ലഭിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പന്തളം സുധാകരൻ: സർക്കാർ നിയമനങ്ങളിൽ തഴയപ്പെടുന്നുണ്ടോയെന്നുള്ള കാര്യം പരിശോധിക്കേണ്ടതാണ്. പക്ഷേ നിയമനങ്ങളിൽ മാത്രമല്ല, പല മേഖലകളിലും ഈ വിഭാഗത്തെ തഴയപ്പെടുന്നുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

പഞ്ചായത്ത് ധനകാര്യ കമ്മീഷൻ

* 2 [89] ശ്രീ. ജോർജ് ജെ. മാത്യു:
,, എ. പത്മകുമാർ:
,, പി. ടി. കുഞ്ഞിമുഹമ്മദ്:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ധനാഗമ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് പഞ്ചായത്ത് ധനകാര്യ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly